# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

### എയ്ഡഡ് പ്രോഗ്രാമുകളിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു .

2023-2024 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അല്ലോട്മെന്റിനെ തുടർന്നുള്ള പ്രവേശനത്തിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഗവ./എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് കോഴ്സുകളിലേക്ക് നിലവിൽ അപേക്ഷിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് ലോഗിൻ വഴി റാങ്ക് നില പരിശോധിക്കാം. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ തങ്ങളുടെ റാങ്ക് , കോളേജുകളിലെ സീറ്റ് വേക്കൻസി എന്നിവ പരിശോധിച്ച് 2023 ഓഗസ്റ്റ് 19 നുള്ളിൽ കോളേജുമായി ബന്ധപ്പെടേണ്ടതും പ്രവേശനത്തിനായി അവർ നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതുമാണ്. അഫിലിയേറ്റഡ് കോളേജുകളിലെ/സർവ്വകലാശാല സെന്ററുകളിലെ സ്വാശ്രയ കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന സീറ്റുകൾ നികത്തുന്നതിനായി അതത് കോഴ്സുകളിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് 03.08.2023 തീയതിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

### ലേറ്റ് രജിസ്ട്രേഷൻ

2023-24 അദ്ധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിനായി 295 രൂപ ലേറ്റ് ഫീയോടുകൂടി ലേറ്റ് രജിസ്ട്രേഷനുള്ള സൗകര്യം 11.08.2023 മുതൽ 28.09.2023, 3.00 PM വരെ വീണ്ടും ലഭ്യമാകും. വെബ്സൈറ്റ് : www.admission.uoc.ac.in. അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. പെയ്മെന്റ് നടത്തുന്നതിനു മുൻപ് അപേക്ഷയിൽ നൽകിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രിന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ.

നേരത്തെ അഫിലിയേറ്റഡ് കോളേജുകളിൽ ലഭ്യമാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ മാത്രമേ ലേറ്റ് രജിസ്ട്രേഷൻ അപേക്ഷകരെ മെറിറ്റ് /സംവരണ സീറ്റുകളിലെ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. ആയതിനാൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളേജുകളുമായി ബന്ധപ്പെട്ട ശേഷം മാത്രം രജിസ്ട്രേഷൻ പൂർത്തീകരിക്കുക .

**CU Campus**
**10.08.2023**

**(ഒപ്പ്)**
**ഡയറക്ടർ**